മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫ്

28 [74] 263 ശ്രീ. ആർ. കൃഷ്ണൻ പാലക്കാട്:

264 ,, വി. ശ്രീധർ:

265 ,, എ. പി. കുര്യൻ:

266 ,, എസ്. ദാമോദരൻ:

267 ,, സി. കെ. ബാലകൃഷ്ണൻ:

268 ,, എ. എസ്. എൻ. നമ്പീശൻ:

269 ,, വി. എസ്. അച്യുതാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം കളക്ടറേറ്റിലെ ഒരു സ്റ്റെനോഗ്രാഫറായ സുന്ദര രാജനെ മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലേക്ക് നിയമിക്കപ്പെടുന്നതിനുവേണ്ടി കൃഷ്ണനിച്ചിരുന്നു എന്നറിയുന്നതു ശരിയാണോ;

(ബി) പ്രസ്തുത സ്റ്റെനോഗ്രാഫറെ തിരിച്ചയക്കുകയുണ്ടായോ; ഉണ്ടായെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) അതെ.

(ബി) സെക്രട്ടേറിയറ്റിൽ നിന്നുതന്നെ ഒരു സ്റ്റെനോഗ്രാഫറെ എടുക്കുന്നതാണ് കൂടുതൽ നല്ലതെന്നു തോന്നി.

ഉപ്പുവെള്ളം കയറുന്നത് തടയൽ

29 [76] ശ്രീ. ഇ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിക്കുപയോഗിക്കുന്ന നിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ വല്ല പദ്ധതിയും ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ;

(ബി) കാട്ടാമ്പള്ളി പ്രദേശത്തെ കൃഷിയിടങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയാൻ വല്ല പദ്ധതിയും ഗവൺമെൻറിന്റെ പരിഗണനയിൽ ഉണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) കാട്ടാമ്പള്ളിയിലെ റഗുലേറ്റർ ഉപ്പുവെള്ളം തടയാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. 53 ലക്ഷം രൂപാ ചെലവുള്ള ആദ്യഘട്ടത്തിന്റെ പണി മിക്കവാറും പൂർത്തിയായി. ഇതുമൂലം 3150 ഏക്കർ സ്ഥലത്ത് ഉപ്പുവെള്ളം കയറുന്നത് തടയാൻ കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly